2954 Web 23/06 23/6
PRD Cheder

# കേരള സർക്കാർ

നം.63624/ആർ.സി.2/2008/ത.സ്വ.ഭ.വ.

തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്,
തിരുവനന്തപുരം, തീയതി 15-06-2009.

## സർക്കുലർ

വിഷയം : തദ്ദേശ-സ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ എല്ലാ സ്ഥാപനങ്ങളിലും ഇംഗ്ലീഷിലും മലയാളത്തിലും കർശനമായും സ്ഥലനാമം രേഖപ്പെടുത്തുന്നത് സംബന്ധിച്ച്.

സൂചന :
1. 16-03-2007-ലെ സ.ഉ. (സാധാ) നം.795/07/ത.സ്വ.ഭ.വ.
2. 03-10-2007-ലെ സ.ഉ. (സാധാ) നം.2692/07/ത.സ്വ.ഭ.വ.
3. 30-1-2008-ലെ 4658/ആർ.സി.3/2008/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ.
4. 1-4-2008-ലെ 22386/ആർ.സി.2/2008/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ.

...

സംസ്ഥാനത്തെ എല്ലാ സ്ഥാപനങ്ങളും അവയുടെ ബോർഡുകൾ സ്ഥാപനത്തിന് മുന്നിൽ സ്ഥാപിക്കുമ്പോൾ ഇംഗ്ലീഷിലും മലയാളത്തിലും സ്ഥലനാമം രേഖപ്പെടുത്തണമെന്ന് സൂചനയിലെ ഒന്നും രണ്ടും ഉത്തരവുകൾ പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നു. വിവിധ സ്ഥലങ്ങൾ സന്ദർശിക്കുന്ന സ്വദേശ-വിദേശ പൗരന്മാർക്ക് പ്രസ്തുത സ്ഥലം ഏതാണ് എന്ന് വ്യക്തമാക്കുന്നതിന് വേണ്ടിയാണ് സർക്കാർ ഇപ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളത്.

2008 മുതൽ ഡി & ഒ ലൈസൻസ് നൽകുമ്പോഴും പുതുക്കുമ്പോഴും സ്ഥലനാമം ബോർഡിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കിയിരിക്കണമെന്ന് സൂചന 3-ലെ സർക്കുലറിൽ വ്യക്തമായി നിഷ്കർഷിച്ചിരുന്നുവെങ്കിലും, സംസ്ഥാനത്തെ നിരവധി സ്ഥാപനങ്ങളും അവയുടെ ബോർഡിൽ സ്ഥലനാമം രേഖപ്പെടുത്തിയിട്ടില്ലെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(മറുപുറം)

ആയതിനാൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ കേന്ദ്ര-സംസ്ഥാന സർക്കാർ ഓഫീസുകളിലും, ബാങ്കുകളിലും, പൊതുമേഖലാ സ്ഥാപനങ്ങളിലും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, ആശുപത്രികളിലും, കടയുൾപ്പെടെയുള്ള മറ്റ് സ്ഥാപനങ്ങളിലും ഇംഗ്ലീഷിലും മലയാളത്തിലും സ്ഥലനാമം രേഖപ്പെടുത്തിയ ബോർഡുകൾ കർശനമായും പ്രദർശിപ്പിക്കേണ്ടതാണ്. ഇപ്രകാരം 2009 ജൂലായ് 15-നകം സ്ഥലനാമം രേഖപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യൽ ഉൾപ്പെടെയുള്ള നടപടികൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതുമാണ്.

വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേലധികാരികൾ ഇത് സംബന്ധിച്ച സമാഹൃത റിപ്പോർട്ട് 2009 ജൂലായ് 30-ന് മുമ്പായി സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

എസ്.എം.വിജയാനന്ദ്,
പ്രിൻസിപ്പൽ സെക്രട്ടറി.

To

പഞ്ചായത്ത് ഡയറക്ടർ,
തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ,
തിരുവനന്തപുരം.

(വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപന അധികാരികൾക്ക് നൽകുന്നതിനായി. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കുലർ ലഭിച്ചു എന്ന് ഉറപ്പ് വരുത്തി, സൂചിത സമയത്തിനകം റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്).

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.

എല്ലാ നഗരസഭ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും.

ഡയറക്ടർ,
പബ്ലിക് റിലേഷൻസ് വകുപ്പ്,
തിരുവനന്തപുരം.

(ആവശ്യമായ പ്രചരണത്തിനും, മാധ്യമങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിനും).

ഡയറക്ടർ,
ഇൻഫർമേഷൻ കേരള മിഷൻ,
തിരുവനന്തപുരം.

(വെബ്സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി).

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Radh

സെക്ഷൻ ഓഫീസർ.